**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2405** **23-02-2026-ൽ മറുപടിയ്ക്ക്**

**<u>കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി വല്ലാർപാടം പനവുകാട് കായലോര റിംഗ് ബണ്ട് റോഡ് നിർമ്മാണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ — ശ്രീ. വി. ഡി. സതീശൻ

ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ — (മുഖ്യമന്ത്രി)

**(എ)** 2017-18 സാമ്പത്തിക വർഷത്തെ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 10.07.2017-ന് പൊതുമരാമത്ത് വകുപ്പ് 20 കോടി രൂപയുടെ ഭരണാനുമതി നൽകിയ വല്ലാർപാടം-പനവുകാട് കായലോര റിംഗ് ബണ്ട് റോഡ് നിർമ്മാണം ഇറിഗേഷൻ വകുപ്പ് മുഖാന്തിരം നടപ്പിലാക്കുന്ന ഡെപ്പോസിറ്റ് പ്രവൃത്തിയായി മാറ്റിയിട്ടും ഡി.പി.ആർ.ന് അംഗീകാരം ലഭിക്കുന്നതിൽ കാലതാമസം നേരിട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പദ്ധതിയുടെ അടിയന്തിര പ്രാധാന്യം കണക്കിലെടുത്ത് ഇതിന് ഉടൻ അനുമതി നൽകാൻ നടപടി സ്വീകരിക്കുമോ;

**<u>മറുപടി:</u>** വൈപ്പിൻ മണ്ഡലത്തിലെ കായലോര റോഡുമായി ബന്ധപ്പെട്ട **വല്ലാർപ്പാടം – പനമ്പുകാട് കായലോര റിംഗ് റോഡ്** പദ്ധതിയ്ക്ക് 10.07.2017 തീയതിയിലെ G.O(Rt) No.942/2017/PWD ഉത്തരവ് പ്രകാരം 20 കോടി രൂപയ്ക്ക് ഭരണാനുമതി ലഭിക്കുകയും ആയത് 12.02.2021 തീയതിയിൽ G.O(Rt) No.188/2021/PWD ഉത്തരവ് പ്രകാരം പുതുക്കി നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. തുടർന്ന് 24/11/2023 ൽ കിഫ്ബി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ നേതൃത്വത്തിൽ ചേർന്ന യോഗത്തിൽ ഈ പ്രവൃത്തി ഇറിഗേഷൻ വകുപ്പുമായി ബന്ധപ്പെട്ടതിനാൽ ഡെപ്പോസിറ്റ് പദ്ധതിയിൽ ഉൾപ്പെടുത്തി ഇറിഗേഷൻ വകുപ്പിന് ഫണ്ട് നൽകുവാനും, പ്രസ്തുത പദ്ധതിയുടെ വിശദമായ പദ്ധതി രേഖ സമർപ്പിക്കുവാനും ഇറിഗേഷൻ വകുപ്പിനെ ചുമതലപ്പെടുത്തുകയും ചെയ്തു. കൂടാതെ പ്രവൃത്തി കെ ആർ എഫ് ബി മോണിറ്റർ ചെയ്യണമെന്നും ടെക്നിക്കൽ അപ്രൈസൽ, ക്വാളിറ്റി കൺട്രോൾ എന്നിവ കിഫ്ബി ഉറപ്പാക്കുമെന്ന് തീരുമാനിക്കുകയും ചെയ്തു. എന്നാൽ പ്രസ്തുത പ്രവൃത്തി ഇറിഗേഷൻ വകുപ്പിന്റെ പരിധിയിൽ വരുന്നതിനാൽ മോണിറ്ററിംഗ് ചുമതലയിൽ നിന്ന് കൂടി ഒഴിവാക്കണം എന്ന് ആവശ്യപ്പെട്ടുകൊണ്ട് 15-09-2025ൽ കെ ആർ എഫ് ബി കിഫ്ബിക്കു കത്ത് നൽകിയിരുന്നു. തുടർന്ന് 15.12.2025ൽ ൽ കിഫ്ബി എക്സിക്യൂട്ടീവ് ഡയറക്ടറുടെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ, ഇറിഗേഷൻ വകുപ്പ് പ്രസ്തുത പ്രവൃത്തിയുടെ DPR തയാറാക്കി കെ ആർ എഫ് ബി മുഖേന കിഫ്ബിക്കു സമർപ്പിക്കുമെന്ന് തീരുമാനിച്ചിരുന്നു. നിലവിൽ ഇറിഗേഷൻ വകുപ്പിന്റെ DPR 02.02.26ൽ കെ ആർ എഫ് ബി ക്കു ലഭ്യമാക്കിയിട്ടുണ്ടെന്നു കെ ആർ എഫ് ബി അറിയിച്ചിട്ടുണ്ട്. പ്രസ്തുത DPR കെ ആർ എഫ് ബി ഇതുവരെ കിഫ്ബിയിൽ സമർപ്പിച്ചിട്ടില്ല.

**(ബി)** പ്രസ്തുത പദ്ധതിക്ക് എന്നത്തേക്ക് അംഗീകാരം ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

**<u>മറുപടി:</u>** നടപടിക്രമങ്ങൾ പൂർത്തീകരിച്ച് കെ ആർ എഫ് ബി DPR കിഫ്ബിയിൽ സമർപ്പിക്കുന്ന മുറയ്ക്ക് ആയത് അവലോകനം നടത്തി കിഫ്ബി മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തി കിഫ്ബി ജനറൽ ബോഡി/ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായി ധനാനുമതി നൽകുന്നതിനുള്ള നടപടികൾ കിഫ്ബി സ്വീകരിക്കുന്നതാണ്. 24-11-2023 ലും 15-12-2025ലും നടന്ന യോഗങ്ങളുടെ നടപടിക്കുറിപ്പുകൾ അനുബന്ധമായി നൽകുന്നു.

**സെക്ഷൻ ഓഫീസർ**